ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 14,023 ടി.ടി.സി.-ക്കാരും 57,108 ബി.എഡ്. ബിരുദധാരികളും തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ വിദ്യാഭ്യാസവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇവരിൽ 264 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ടി.ടി.സി.-ക്കാരും, ബി.എഡ്.-കാരും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

രജിസ്ട്രേഷൻ നഷ്ടപ്പെട്ടുപോയ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി

75 [1214] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തശേഷം പുതുക്കാൻ കഴിയാതെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടുപോയ അനേകം ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുള്ളവർക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരവസരംകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-7-2003-ലെ ജി.ഒ. (ആർ.ടി.) 2030/03/തൊഴിൽ പ്രകാരം 1-1-95 മുതൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് അവരുടെ ഒറിജിനൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുവാൻ അവസരം നൽകിയിരുന്നു. അതിനായി 1-12-2003 മുതൽ 31-12-2003 വരെ ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ ഉദ്യോഗാർത്ഥികൾക്കും സമയം നൽകിയിരുന്നു. ഇതിൻപ്രകാരം സംസ്ഥാനത്ത് ആകമാനം 187,397 ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ	..	65323
എറണാകുളം	..	52341
കോഴിക്കോട്	..	69,733

ഈ അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

76 [1215] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ കാറ്റഗറി തിരിച്ച് പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഓരോ എക്സ്ചേഞ്ചിലും പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരിൽ ടി.ടി.സി., ബി.എഡ്. വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്രയെന്നും വികലാംഗർ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) 2003-04 വർഷത്തിൽ എത്രപേർക്ക് ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) കണ്ണൂർ ജില്ലയിൽ നാല് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ
2. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി
3. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ്
4. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മട്ടന്നൂർ.

(സി)

1.	കണ്ണൂർ	..	60589
2.	തലശ്ശേരി	..	49683
3.	തളിപ്പറമ്പ്	..	72502
4.	മട്ടന്നൂർ	..	38279

(ഡി) ഇവരിൽ ടി.ടി.സി.-ക്കാർ 966 പേരും, ബി.എഡ്. യോഗ്യതയുള്ളവർ 2808 പേരും വികലാംഗർ 43 പേരുമാണുള്ളത്.

(ഇ) 2003-04 വർഷത്തിൽ കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 371 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി

77 [1216] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വികസനാവശ്യങ്ങളും ആനുകാലിക തൊഴിൽ സാദ്ധ്യതകളും ലക്ഷ്യമാക്കിക്കൊണ്ട് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിലേയ്ക്ക് ഒരു വിദഗ്ദ്ധ സംഘത്തെ നിയമിച്ച് സമയബന്ധിതമായി കോഴ്സുകൾ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) യൂത്ത്കോം പദ്ധതിയനുസരിച്ച് ഐ.ടി. ട്രേഡുകൾക്കായി പഠന കേന്ദ്രങ്ങളോ പരിശീലന കേന്ദ്രങ്ങളോ തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly